## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4074** — 25.06.2014-ൽ മറുപടിക്ക്

### അമൃതം ആരോഗ്യം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>,, ബെന്നി ബെഹനാൻ :<br>,, വി. ഡി. സതീശൻ :<br>,, എം. എ. വാഹിദ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അമൃതം ആരോഗ്യം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ഉണ്ട്. ജീവിതശൈലീരോഗങ്ങൾക്ക് എതിരെ ഒരു കർമ്മ പദ്ധതി 2011 -ൽ സംസ്ഥാനത്ത് ഒട്ടാകെ നടത്തുന്നതിന് തുടക്കം കുറിക്കുകയും 2012 -ൽ 'അമൃതം ആരോഗ്യം' എന്ന പേരിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. ദേശീയ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് (നാഷണൽ പ്രോഗ്രാം ഫോർ കൺട്രോൾ & പ്രിവെൻഷൻ ഓഫ് ഡയബറ്റീസ്, ക്യാൻസർ & സ്ട്രോക്ക്) പത്തനംതിട്ട, തൃശ്ശൂർ, ഇടുക്കി, ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ 2011 -മുതൽ നടപ്പിലാക്കി വരുന്നു. ഈ രണ്ട് പദ്ധതികൾ മുഖേന കേരളത്തിലെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ജീവിതശൈലീരോഗങ്ങൾ കണ്ടുപിടിക്കുന്നതിനും സ്ക്രീനിംഗ് നടത്തുന്നതിനും സൗകര്യം ഉണ്ട്. ഇതിനുപുറമേ പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം എന്നീ തലത്തിൽ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) ജീവിതശൈലീ രോഗങ്ങൾ പിടിപെടുന്നതിനുമുമ്പ് അത് തടയുവാനുള്ള ബോധവൽക്കരണം, ഈ രോഗങ്ങൾ ആരംഭദിശയിൽ തന്നെ കണ്ടെത്തുന്നതു വഴി രോഗനിയന്ത്രണവും, രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സയും സൗജന്യ മരുന്നുകളും ഉറപ്പാക്കുന്നതുവഴി ജീവിതശൈലി രോഗങ്ങൾ ഒരു പരിധി വരെ നിയന്ത്രിക്കുവാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |

(.....2)

1 ശരിയായ ആഹാരക്രമം, ചിട്ടയായ വ്യായാമം, മദ്യപാനം, പുകവലി എന്നീ ദുഃശീലങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം തുടങ്ങിയവ സംസ്ഥാനത്തെ എല്ലാ സബ്സെന്റർ തലം വരെയും നടത്തി വരുന്നു. ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ. പബ്ലിക് ഹെൽത്ത് നേഴ്സ്, മെഡിക്കൽ ഓഫീസർ, ഡയറ്റീഷ്യൻ എന്നിവർ മുഖേന ഈ ദൗത്യം നടപ്പിലാക്കി വരുന്നു. ഇതിന് അവർക്കാവശ്യമായ പരിശീലനം സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നൽകിയിട്ടുണ്ട്.

2 സബ്സെന്ററുകളിലും, പ്രൈമറി ഹെൽത്ത് സെന്ററുകളിലും 30 വയസ്സിന് മുകളിൽ പ്രായമായവരെ ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗിന് വിധേയമാക്കുക.

3 രോഗം കണ്ടെത്തുന്നവർക്ക് പ്രോട്ടോകോൾ പ്രകാരമുള്ള മരുന്നുകൾ സൗജന്യമായി നൽകുന്നു.

| | |
|---|---|
| (സി) പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ ; | (സി) സംസ്ഥാന ആരോഗ്യ വകുപ്പും, ദേശീയ ഗ്രാമീണ ആരോഗ്യ മിഷനും (എൻ.ആർ.എച്ച്.എം) സംയുക്തമായിട്ടാണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നത്. റീജിയണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങൾ സാങ്കേതികമായ സഹായം നൽകി വരുന്നു. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ ? | (ഡി) സംസ്ഥാനത്തെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സബ്സെന്റർ എന്നിവിടങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മിഷൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിച്ചിട്ടുണ്ട്. പി.എച്ച്.സി, സി.എച്ച്.സി, സബ്സെന്റർ എന്നീ സ്ഥാപനങ്ങളിൽ ആഴ്ചയിൽ ഒരു ദിവസവും, എൻ.പി.സി.ഡി.സി.എസ് ജില്ലകളിൽ (പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്) എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ആഴ്ചയിൽ 6 ദിവസവും പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം എന്നീ രോഗങ്ങളുടെ സ്ക്രീനിംഗ് നടത്തുന്നു. |

(....2)

രക്താദി സമ്മർദ്ദം, പ്രമേഹം എന്നിവയുടെ ചികിത്സക്കായി ഒരു വിദഗ്ദ്ധ സമിതി ട്രീറ്റ്മെന്റ് പ്രോട്ടോകോൾ തയ്യാറാക്കുകയും ഇതിന്റെ പകർപ്പ് എല്ലാ ഡോക്ടർമാർക്കും എത്തിക്കുകയും ചെയ്തു. ട്രീറ്റ്മെന്റ് പ്രോട്ടോ കോൾ പ്രകാരമുള്ള പന്ത്രണ്ട് ഇനം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേ ഷൻ വഴി സംഭരിക്കുകയും പി.എച്ച്.സി തലം വരെ എത്തിക്കുകയും ചെയ്തു. രജിസ്റ്ററു കളും, മറ്റ് അനുബന്ധ രേഖകളും സബ്സെന്റർ തലം വരെ എത്തിച്ചിട്ടുണ്ട്. 12 ജില്ലാ ആശു പത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ഉള്ള ക്യാൻസർ ക്ലിനിക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ എൻ.സി.ഡി ക്ലിനിക്കുകളുടെ പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട എല്ലാ ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ജീവിത ശൈലീ രോഗനിയന്ത്രണത്തിനുള്ള വിവിധ പരിശീലനങ്ങൾ നൽകുകയുണ്ടായി.

ഇതിനു പുറമേ പക്ഷാഘാതം, ചികിത്സി ക്കുന്നതിനുള്ള ടെലിക്ലിനിക്ക് തുടങ്ങുക, അതിനു വേണ്ടി ഡോക്ടർമാർക്കുള്ള പരിശീലനം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ജനങ്ങളിലെ മദ്യപാനാസക്തി കുറയ്ക്കുന്നതിനു വേണ്ടി 'കുടുംബശ്രീ'യുമായി ചേർന്ന് സംസ്ഥാനത്തെ 140 പഞ്ചായത്തുകളിൽ 'മധു മുക്തി' പദ്ധതി നടപ്പിലാക്കി.

സ്കൂൾ തലത്തിൽ കുട്ടികൾക്ക് ജീവിത ശൈലി രോഗത്തിനായുള്ള ബോധവത്ക്കര ണവും, സ്ക്രീനിംഗ് ഉൾപ്പെടെയുള്ള ഒരു പദ്ധതി എൽ.ഇ.എ.പി (ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ & അവേർനെസ്സ് പ്രോഗ്രാം) നടപ്പിലാക്കുകയുണ്ടായി. കൂടാതെ പുകവലി ക്കെതിരെ 'പുകവലി വിമുക്ത സ്കൂൾ' 'പുകവലി വിമുക്ത ജോലി സ്ഥലങ്ങൾ' 'പുകവലി വിമുക്ത വാർഡുകൾ' എന്ന പദ്ധതിയും പുകയില നിയന്ത്രണ നിയമമായ സി.ഒ.റ്റി.പി.എ. യുടെ ശാക്തീകരണവും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ